(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ നാണ്യവിളകളുടെ വിലയിടിവ് ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര കൃഷിമന്ത്രാലയം, ധനമന്ത്രാലയം, വാണിജ്യ മന്ത്രാലയം എന്നിവയുടെ ക്യാബിനറ്റ് മന്ത്രിമാർക്ക് നിവേദനം സമർപ്പിക്കുകയും കേരളത്തിലുൽപ്പാദിപ്പിക്കുന്ന നാണ്യവിളകൾ ഇറക്കുമതി ചെയ്യുമ്പോൾ അവയുടെ കസ്റ്റംസ് തീരുവ ഡബ്ല്യു.റ്റി.ഒ. ബൗണ്ട് നിരക്കിനൊപ്പം ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരം, അടയ്ക്കാ, കാപ്പി എന്നിവയ്ക്ക് താങ്ങുവില ഏർപ്പെടുത്തണമെന്നും റബ്ബറിന്റെ ബഫ്ഫുമാർക്ക് വില ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ 300% ആയി വർദ്ധിപ്പിക്കണമെന്നും പിണ്ണാക്ക്, തവിട് തുടങ്ങിയ എണ്ണ കലർന്ന പദാർത്ഥങ്ങളുടെ ഇറക്കുമതി തടയണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരം, റബ്ബർ, അടയ്ക്ക, കാപ്പി, തേയില, കുരുമുളക്, ഇഞ്ചി, ഏലം, തുടങ്ങിയ നാണ്യവിളകൾക്കാണ് വിലയിടിവ് ഉണ്ടായിട്ടുള്ളത്.

(സി) & (ഡി) ഉണ്ട്. ഉദാരവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രത്തിന്റെ ഇറക്കുമതി നയത്തിൽ ഉണ്ടായ മാറ്റങ്ങളാണ് സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ രൂക്ഷമായ വിലയിടിവിന് കാരണമായത്. രണ്ടായിരം ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയ എക്സിം പോളിസി കാരണവും ഡബ്ല്യു.റ്റി.ഒ. കരാറിലെ ദോഷകരമായ വ്യവസ്ഥകൾ കാരണവും വിലയിടിവ് ഉണ്ടായിട്ടുണ്ട്.

ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ

14 (*74) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കാനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം സംസ്ഥാനത്ത് വെളിച്ചെണ്ണ വിലയിടിവ് തടയുന്നതിന് സഹായകമായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പാമോയിലിന്റെ വർദ്ധിച്ച ഇറക്കുമതിയിൽ കുറവുവരുത്തുവാൻ ഈ തീരുവ വർദ്ധനവുകൊണ്ട് കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പാമോയിലിന്റെ വിൽപ്പന നിരുത്സാഹപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) വെളിച്ചെണ്ണയിതര ഭക്ഷ്യ എണ്ണയ്ക്ക് ഏർപ്പെടുത്തിയ നേരിയ വർദ്ധനവ് വെളിച്ചെണ്ണയുടെ വിലയിടിവ് തടയാൻ പര്യാപ്തമാണെന്ന് കരുതുന്നില്ല.

(ബി) ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ 300% മായി വർദ്ധിപ്പിച്ചാൽ മാത്രമേ എന്തെങ്കിലും പ്രയോജനമുണ്ടാവുകയുള്ളൂ. ഇതോടൊപ്പം തന്നെ വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം 50.80 ശതമാനത്തിൽ നിന്നു 45% മായി കുറച്ചതും നമുക്ക് സഹായകരമല്ല.

(സി) ഇല്ല

(ഡി) വെളിച്ചണ്ണ ഇതര ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം 300% ആയി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) റേഷൻകടകൾ വഴി 30 രൂപയ്ക്ക് വെളിച്ചെണ്ണ വിറ്റുവരുന്നു. പൊതുവിതരണ ശാലകൾ വഴി പാമോയിൽ വിതരണം നടത്തുന്നത് തടഞ്ഞിട്ടുണ്ട്.

വനസംരക്ഷണം

15 (*75) ശ്രീ. ടി.എസ്. ജോൺ :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ;

(സി) വനസംരക്ഷണത്തിന് ലോകബാങ്ക് സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) വനവൽക്കരണ നടപടി എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) വനപരിപാലനത്തിനും വനവികസനത്തിനും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എഫ്) തരിശു വനഭൂമി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ സി.കെ. നാണു) :

(എ)&(ബി) ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുക, സംരക്ഷണ ജീവനക്കാർക്ക് വാഹനം, ആയുധം വാർത്താവിനിയമയോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക, വനനിയമം ലംഘിക്കുന്നവർക്ക് കർശനമായ ശിക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി വന നിയമം ഭേദഗതി ചെയ്യുക, കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ വനസംരക്ഷണ ജീവനക്കാർ തുടരെ റോന്തുചു

LIBRARY ARCHIVES Kerala Legislative Assembly